**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 2806**

**20/07/2011-ൽ മറുപടിക്ക്**

**കുടുംബശ്രീ മാതൃകയിൽ യുവശ്രീ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ്:<br>ഡോ. കെ. ടി. ജലീൽ:<br>ഡോ. ആർ. രാജേഷ്:<br>ഡോ. ജയിംസ് മാത്യു | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ മാതൃകയിൽ യുവശ്രീ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ 2005 മുതൽ കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് യുവശ്രീ. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വ്യക്തിഗത സംരംഭങ്ങളും ഗ്രൂപ്പ് സംരംഭങ്ങളും ഈ പദ്ധതിയിൻ കീഴിൽ ആരംഭിക്കാം. സ്ത്രീകളുടെ മാത്രമായ ഗ്രൂപ്പുകളും പുരുഷന്മാരുടേതു മാത്രമായ ഗ്രൂപ്പുകളും, സ്ത്രീകളും പുരുഷന്മാരും ചേർന്ന ഗ്രൂപ്പുകളും രൂപീകരിക്കാം. വ്യക്തിഗത സംരംഭങ്ങൾക്ക് 7500/- രൂപയോ പ്രോജക്ട് തുകയുടെ 30% മോ ഏതാണ് കുറവ് ആ തുകയും, ഗ്രൂപ്പ് സംരംഭങ്ങൾക്ക് (5 അംഗ ഗ്രൂപ്പിന്) 50000 രൂപയോ പ്രോജക്ട് തുകയുടെ 50%-മോ ഏതാണ് കുറവ് ആ തുകയുമാണ് അനുവദനീയമായ സബ്സിഡി. |
| (ബി) യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം, തൊഴിൽ സംരംഭങ്ങൾ എന്നിങ്ങനെ യുവതീ -യുവാക്കളുടെ സംയുക്ത സംരംഭമായി യുവശ്രീയെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) യുവജനങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി യുവതീയുവാക്കളുടെ സംയുക്ത സംരംഭമായാണ് യുവശ്രീ പദ്ധതി നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**